**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145** **05-07-2022 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡ് നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ബോർഡ് നിയമനങ്ങൾ പി.എസ്.സി.യ്ക്ക് വിടാനുള്ള നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 1995-ലെ വഖഫ് ആക്റ്റിന്റെ (1995-ലെ 43-ാം കേന്ദ്ര ആക്റ്റ്) 24-ാം വകുപ്പ് (2)-ാം ഉപവകുപ്പ്, വഖഫ് ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും അവരുടെ ഔദ്യോഗിക കാലാവധിയും റെഗുലേഷനുകളിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുന്നു. 1995-ലെ വഖഫ് ആക്റ്റിന്റെ 110-ാം വകുപ്പ് ബോർഡിന്, സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതിയോടെ, ഈ ആക്റ്റിലെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ ആക്റ്റിലെയും അതിനു കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത റെഗുലേഷനുകൾ ഉണ്ടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016-ലെ കേരള സംസ്ഥാന വഖഫ് ബോർഡ് റെ ഗുലേഷനുകളിലെ (ഭേദഗതി) റെഗുലേഷൻ 5(1), സബ്-റെഗുലേഷൻ (2) പ്രകാരം, നേരിട്ടുള്ള നിയമനം നടത്തുന്ന, ബോർഡിലെ ഭരണപരമായ സർവ്വീസിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും എല്ലാ നിയമനങ്ങളും, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധിക ചുമതലകൾ വിനിയോഗിക്കുന്നതിന് വേണ്ടി ഉണ്ടാക്കുന്ന നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നല്കുന്ന മുസ്ലീം മതവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റിൽ നിന്നും നടത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതിനാൽ വഖഫ് ബോർഡിലെ ഭരണപരമായ സർവ്വീസുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുവാനായി, പ്രസ്തുത ആവശ്യത്തിലേയ്ക്ക് നടത്തിയ നിയമ നിർമ്മാണം തികച്ചും സാധുതയുള്ളതാണ്. |

| | | | |
|---|---|---|---|
| | | | വഖഫ് ബോർഡ് ശിപാർശ പരിഗണിച്ചു കൊണ്ടാണ് നിയമനിർമ്മാണം നടത്തിയത്. നിയമനിർമ്മാണത്തെ തുടർന്ന് മുസ്ലീം സാമുദായിക സംഘടനകൾ ചില ആശങ്കകൾ പ്രകടിപ്പിച്ചതിനെത്തുടർന്ന് വഖഫ് ബോർഡ് നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി 20-04-2022ന് വൈകുന്നേരം 5 മണിയ്ക്ക് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിലെ ഹാർമണി ഹാളിൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു.കായികവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിലും മുസ്ലീം സംഘടനാ പ്രതിനിധികളുടെ യോഗം വിളിച്ചു കൂട്ടുകയും പ്രസ്തുത യോഗത്തിൽ വഖഫ് ബോർഡ് നിയമന വിഷയത്തിൽ മുസ്ലീം സംഘടനകളുടെ അഭിപ്രായം കൂടി പരിഗണിച്ച് ഉചിതമായ തീരുമാനം എടുക്കുന്ന കാര്യവും യോഗ്യരായവരെ ബോർഡിൽ നിയമിക്കുന്നതിന് സംവിധാനം ഒരുക്കുന്ന കാര്യവും പരിശോധിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയത് നിലവിൽ സർക്കാരിന്റെ സജീവ പരിഗണനയിലുമാണ്. |
| (ബി) | ഇതുസംബന്ധിച്ച് വിവിധ മുസ്ലീം സംഘടനകളുമായി മുഖ്യമന്ത്രി ചർച്ച നടത്തിയിരുന്നോ; | (ബി) | (എ) പിരിവിനുള്ള മറുപടി |
| (സി) | പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | (എ) പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ